ഇ(1) 307/11

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
തിരുവനന്തപുരം തീയതി 18-03-2011

# സർക്കുലർ 4/2011

വിഷയം- സഹകരണ വകുപ്പ് - സഹകരണ ആഡിറ്റ് ഡയറക്ടർ തലവനായി സഹകരണ വകുപ്പിനായി പ്രത്യേക വിഭാഗം രൂപീകരിച്ചത് - സഹകരണ വകുപ്പിലെ ജീവനക്കാരിൽ നിന്നും ഒപ്ഷൻ മുഖേന നിയമനം നടത്തുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന- 1) സഹകരണ ആഡിറ്റ് ഡയറക്ടറുടെ 07.03.2011 ലെ 2/2011 നമ്പർ സർക്കുലർ
2) സർക്കാരിന്റെ 16.03.2011 തീയതിയിലെ സ.ഉ.സാധാ/180/2011/ സഹ.നമ്പർ ഉത്തരവ്.

സൂചന (1) സർക്കുലറിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സഹകരണ ആഡിറ്റ് വിഭാഗത്തിലേക്ക് നിയമനത്തിനായി, വകുപ്പിൽ നിലവിലുള്ള ജീവനക്കാരിൽ നിന്നും ഒപ്ഷൻ സ്വീകരിക്കുന്നതിനുള്ള അവസാന തിയതി 15.03.2011 ആയി നിശ്ചയിച്ചിരുന്നത്, സൂചന (2) ഉത്തരവ് പ്രകാരം 05.04.2011 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ സൂചന ഒന്ന് സർക്കുലർ നിർദ്ദേശങ്ങളിൽ താഴെ പറയുന്ന തരത്തിൽ ഭേദഗതി വരുത്തി അറിയിക്കുന്നു.

1) നിർദ്ദിഷ്ട മാതൃകയിലുള്ള ഒപ്ഷൻ സഹകരണ ആഡിറ്റർക്ക് വേണ്ടി 05.04.2011 തീയതി വരെ സ്വീകരിക്കുന്നതും, ഒപ്ഷൻ ഫാറം, ക്രോഡീകരിച്ച പട്ടിക എന്നിവ 08.04.2011 തീയതിക്കകം സഹകരണ ആഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ആണ്.
2) ഒപ്ഷൻ സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, സ്വീകരിക്കുന്ന ഒപ്ഷനുകളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3) ജില്ലയിലെ കെ.എസ്.ആർ. 156/144 തസ്തികകൾ ഉൾപ്പെടെയുള്ള എല്ലാ നോൺ ഗസറ്റഡ് തസ്തികകളിലെ ഉദ്യോഗസ്ഥൻമാരിൽനിന്നും ഒപ്ഷൻ സ്വീകരിക്കുന്നത് , ജില്ലാതല ആഡിറ്റ്/ജനറൽ ആഫീസിൽ ആയിരിക്കണം.
4) താഴെപറയുന്ന ഒഫീസുകളുടെ കാര്യത്തിൽ അതാത് ആഫീസ് മേധാവി ഒപ്ഷൻ സ്വീകരിച്ച് ക്രോഡീകരിച്ച പട്ടിക സഹിതം സഹകരണ ആഡിറ്റ് ഡയറക്ടർക്ക് 08.04.2011 തീയതിക്കകം അയച്ചുതരേണ്ടതാണ്.
    1. സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസ്.
    2. കേരള സംസ്ഥാന സഹകരണ വിജിലൻസ് ആഫീസ്
    3. കേരള സഹകരണ ഇലക്ഷൻ കമ്മീഷൻ
    4. സഹകരണ പരിശീലന കേന്ദ്രം. തിരുവനന്തപുരം, കൊട്ടാരക്കര, ചേർത്തല, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്,വയനാട്, കണ്ണൂർ, കാസർഗോഡ്
    5. സഹകരണ ആർബിട്രേഷൻ കോടതി

മേൽ ആഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന നോൺ ഗസറ്റഡ് ജീവനക്കാരിൽനിന്നും സഹകരണ ആഡിറ്റ് വിഭാഗത്തിൽ നിയമനം ലഭിക്കാൻ താൽപര്യമുള്ളവരുടെ ഒപ്ഷൻ 05.04.2011 തീയതിക്കകം സഹകരണ ആഡിറ്റ് ഡയറക്ടർക്കുവേണ്ടി അതാത് ആഫീസ് എസ്റ്റാബ്ളിഷ്മെന്റ് ഡി.ഡി.ഒ. വാങ്ങി, ക്രോഡീകരിച്ച പട്ടിക (മാതൃക അപ്പന്റിക്സ് I ഉള്ളടക്കം ചെയ്തിരിക്കുന്നു.) സഹിതം 08.04.2011 തീയതിക്കകം സഹകരണ ആഡിറ്റ് ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്. സൂചന രണ്ട് ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി ഉള്ളടക്കം ചെയ്തിരിക്കുന്നു.

താങ്കളുടെ വിശ്വസ്തൻ

ഒപ്പ്
സഹകരണ ആഡിറ്റ് ഡയറക്ടർ

ഉള്ളടക്കം-

1) അപ്പന്റിക്സ് I
2) സൂചന രണ്ട് ഉത്തരവിന്റെ പകർപ്പ്

1) സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2) എല്ലാ ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
3) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
4) ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ് )
5) സെക്രട്ടറി/ അഡീഷണൽ രജിസ്ട്രാർ, കേരള സഹകരണ ഇലക്ഷൻ കമ്മീഷൻ
6) പ്രിൻസിപ്പൽ/ ഡെപ്യൂട്ടി രജിസ്ട്രാർ, സഹകരണ പരിശീലന കേന്ദ്രം. തിരുവനന്തപുരം, കൊട്ടാരക്കര,ചേർത്തല,കോട്ടയം,തൃശ്ശൂർ,പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്
7) സെക്രട്ടറി/ അസിസ്റ്റന്റ് രജിസ്ട്രാർ, സഹകരണ ആർബിട്രേഷൻ കോടതി

ആജ്ഞാനുസരണം

ജോയിന്റ് ഡയറക്ടർ

**സർക്കുലർ നമ്പർ. 2/2011**

## <u>അപ്പെൻഡിക്സ് I</u>

ജില്ലയുടെ പേര് ........................................ / ആഫീസിന്റെ പേര് ........................................................................

| ക്രമ നമ്പർ | പേര് | തസ്തിക | തസ്തിക നിലവിൽ സേവനം അനുഷ്ഠിക്കുന്ന ആഫീസ് / സഹകരണ സ്ഥാപനം | ഓപ്ഷൻ നൽകിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

### <u>സാക്ഷ്യ പത്രം</u>

മേൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയയ്ക്കുന്ന ഓപ്ഷൻ ഫാറത്തിൽ നൽകിയിട്ടുള്ള വിവരങ്ങൾ അവരവരുടെ സേവന പുസ്തകവുമായി ഒത്തുനോക്കി ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ/ ജോയിന്റ് രജിസ്ട്രാർ (ജനറൽ)

സ്ഥലം:

തീയതി: